നം. എൻ.എം.ബി1/88524/2017/ഡി.പി.ഐ

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം.
തീയതി: 14/02/2019

# അറിയിപ്പ്

വാർഷിക പരീക്ഷ, മോഡൽ പരീക്ഷ എന്നിവ നടക്കുന്ന സാഹചര്യത്തിൽ ഏതെങ്കിലും സ്കൂളുകളിൽ ഉച്ചഭക്ഷണ വിതരണം മുടങ്ങുകയാണെങ്കിൽ പ്രസ്തുത വിവരം മുൻകൂട്ടി ഉപ ജില്ലാ വിദ്യാഭ്യാസ ആഫീസിൽ അറിയിക്കേണ്ടതാണ്. ആകസ്മിക പരിശോധനകളിൽ മുൻകൂട്ടി അറിയിക്കാതെ ഉച്ചഭക്ഷണം മുടങ്ങുന്നത് ശ്രദ്ധയിൽപെട്ടാൽ കർശന നടപടി സ്വീകരിക്കുന്നതാണ് എന്ന് അറിയിക്കുന്നു.

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് (ഇൻചാർജ്ജ്)**
**(നൂൺമീൽ)**

എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും

എല്ലാ പ്രധാനാദ്ധ്യാപകർക്കും (വിദ്യാഭ്യാസ ആഫീസർമാർ മുഖാന്തിരം)

T.S

ഭരണഭാഷ മാതൃഭാഷ

നം. എൻ.എം.ബി1/88524/2017/ഡി.പി.ഐ

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം.
തീയതി: 14/02/2019

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**
**തിരുവനന്തപുരം.**

**എല്ലാ നൂൺമീൽ ആഫീസർമാർക്കും**
**എല്ലാ നൂൺഫീഡിംഗ് ആഫീസർമാർക്കും**

സർ,

വിഷയം:- പൊതു വിദ്യാഭ്യാസം - ഉച്ചഭക്ഷണം - പരീക്ഷാ ദിവസങ്ങളിൽ ഉച്ചഭക്ഷണം നൽകുന്നത്- സംബന്ധിച്ച്

സൂചന:- 14/02/2019 ലെ എൻ.എം.ബി(1)/88354/2017/ഡി.പി.ഐ നമ്പർ അറിയിപ്പ്.

ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ പരീക്ഷകൾ നടക്കുന്ന ദിവസങ്ങളിൽ ഉച്ചഭക്ഷണം നൽകുന്നില്ലെങ്കിൽ ഈ ദിവസം മുൻകൂട്ടി ഉപജില്ലാ വിദ്യാഭ്യാസ ആഫീസിൽ അറിയിക്കണമെന്ന് സൂചന പ്രകാരം അറിയിപ്പ് നൽകിയിരുന്നു. വളരെ അടിയന്തിരമായ സാഹചര്യങ്ങളിൽ ഒഴികെ യാതൊരു കാരണവശാലും ഉച്ചഭക്ഷണം നൽകാതിരിക്കുന്നതിനുള്ള അനുമതി നൽകരുതെന്ന് അറിയിക്കുന്നു. കൂടാതെ നൂൺമീൽ ആഫീസർമാരും നൂൺഫീഡിംഗ് ആഫീസർമാരും പരമാവധി സ്കൂളുകളിൽ ഈ ദിവസങ്ങളിൽ സന്ദർശനം നടത്തി ഉച്ചഭക്ഷണം നൽകുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതും മുൻകൂർ അനുവാദമില്ലാതെ ഉച്ചഭക്ഷണം പൂർണ്ണമായോ, ഭാഗികമായോ നൽകാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ പരീക്ഷ തുടങ്ങിയ ദിവസം മുതലുള്ള കണ്ടിജൻസി ചാർജ്ജ് കുറവ് വരുത്തേണ്ടതുമാണ്.

വിശ്വസ്തതയോടെ,

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് (ഇൻചാർജ്ജ്)**
**നൂൺമീൽ**
**പൊതു വിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി**